പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 413 07.01.2014 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി

ചോദ്യം

ശ്രീ. സി.എഫ്. തോമസ് :
" റ്റി.യു. കുരുവിള :
" മോൻസ് ജോസഫ് :
" തോമസ് ഉണ്ണിയാടൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സിയുടെ വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് ലാഭത്തിലേക്ക് നയിക്കുന്നതിന്, കെ.എസ്. ആർ.ടി.സിയുടെ പുനരുദ്ധാരണം സംബന്ധിച്ച പഠനം നടത്തുന്നതിനായി വർമ്മ & വർമ്മ, ചാട്ടേർഡ് അക്കൗണ്ടന്റ്സ് എന്ന സ്ഥാപനത്തെ നിയോഗിക്കുകയും, ടി സ്ഥാപനം സമർപ്പിച്ച പഠന റിപ്പോർട്ടിന് ഭരണസമിതിയുടെ അംഗീകാരം ലഭിക്കുകയും, തുടർന്ന് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന പ്രധാന ശുപാർശകളായ വിവരസാങ്കേതികവിദ്യയുടെ വ്യാപനം, ഡ്രൈവർമാരുൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം, ബസ്സുകളിലെ ഡീസലിന്റെ ഉപഭോഗക്ഷമത വർദ്ധിപ്പിക്കൽ എന്നിവയിൻമേൽ സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. ഇത് മൂലം, കെ.എസ്. ആർ.ടി.സിയുടെ കാര്യക്ഷമത വർദ്ധിച്ച് ചെലവ് കുറഞ്ഞ വരുമാനവർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനു പുറമെ സർക്കാർ നിർദ്ദേശ പ്രകാരം ഒരു പുനരുജ്ജീവന പാക്കേജ് (Revival Package) കെ.എസ്.ആർ.ടി.സി സമർപ്പിച്ചിട്ടുണ്ട്. ഇതിലെ നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു.<br>ബൾക്ക് പർച്ചേയ്സർ എന്ന നിലയിൽ കെ.എസ്.ആർ.ടി.സിയുടെ സബ്സിഡി നിർത്തലാക്കിയ സാഹചര്യ |

| | | | |
|---|---|---|---|
| | | | ത്തിൽ സബ്സിഡി നിരക്കിൽ ഡീസൽ ലിക്കുന്നതിനായി സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ നിറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| (ബി) | കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനും യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും എന്തൊക്കെ സംരംഭങ്ങൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | 1. ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 50 സൂപ്പർ ഡീലക്സ് ബസുകൾ ഉൾപ്പടെ 1000 ബസുകൾക്ക് പർച്ചേയ്സ് ഓർഡർ നൽകുകയും അതിൽ 981 എണ്ണം ബോഡി നിർമിച്ച് ജനോപകാരപ്രദമായ റൂട്ടുകളിൽ സർവീസ് നടത്തുകയും ചെയ്യുന്നു. ഇതു കൂടാതെ 1500 ഷാസികൾക്ക് ടെണ്ടർ ക്ഷണിക്കുന്നതിനും സുഖകരമായ ദീർഘ ദൂര യാത്ര പ്രദാനം ചെയ്യുന്നതിന് 10 മൾട്ടി ആക്സിൽ വോൾവോ എ.സി ബസുകൾ വാങ്ങുന്നതിനും തീരുമാനിച്ചു.<br>2. ആധുനികവല്ക്കരണത്തിന്റെ ഭാഗ മായി ജി.പി.ആർ.എസ് ഫിറ്റു ചെയ്ത 4000 ഇ.ടി.എം മെഷീനുകൾ ഓർഡർ നല്കിയതിൽ ലഭ്യമായ എണ്ണം ഉപയോഗിച്ച് തിരുവനന്തപുരം സെൻട്രൽ, ചെങ്ങന്നൂർ, കോട്ടയം, പമ്പ എന്നീ ബസുകളിൽ ഉപയോഗിച്ചു വരുന്നു. ബസുകളിൽ ജി.പി.എസ് സംവിധാനം ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>3. ഡിപ്പോകളിൽ എം.എൽ.എ.മാരുടെ നേതൃത്വത്തിൽ പ്രതിമാസ കോൺഫറൻസുകൾ ചേർന്നു അവലോകനം നടത്തിവരുന്നു.<br>4. പുതിയതായി പോയിന്റ് ഡ്യൂട്ടി സിസ്റ്റം ഏർപ്പെടുത്തി.<br>5. ബസ് സ്റ്റേഷനുകൾ നവീകരിച്ചുവരുന്നു.<br>6. Gender Sensitive Scheme അനുസരിച്ച് സ്ത്രീ യാത്രക്കാർക്ക് സുരക്ഷിതമായ യാത്ര പ്രദാനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ